വിധം കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പറവൂർ-ആലുവ റൂട്ടിൽ സർവ്വീസ് നടത്തുന്ന ടൗൺ ലിമിറ്റഡ്-ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സ് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുവാൻ പുതിയ ബസ്സുകൾ അനുവദിക്കുമോ;

(ഡി) വടക്കൻ പറവൂരിലെ ദക്ഷിണ മൂകാംബികയും ഗുരുവായൂരും തമ്മിൽ ബന്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി. ഒന്നോ രണ്ടോ സർവ്വീസുകൾ ആരംഭിക്കുമോ?

ഉത്തരം

(എ) ബസ്സിന്റേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം തൽക്കാലം നിർവ്വാഹമില്ല.

(ബി) ബസ്സുകളും ജീവനക്കാരും അപര്യാപ്തമായതിനാൽ തൽക്കാലം കഴിയുന്നില്ല.

(സി) പുതിയ ബസ്സുകളുടെ ലഭ്യതയനുസരിച്ച് മാത്രമേ വാഹനങ്ങൾ അനുവദിക്കാൻ കഴിയുകയുള്ളൂ.

(ഡി) ബസ്സുകളും ജീവനക്കാരും അപര്യാപ്തമായതിനാൽ തൽക്കാലം കഴിയുന്നില്ല.

67 (2627) കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന നഷ്ടം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് ഒരു ദിവസം സർവ്വീസ് നടത്തിക്കുന്നതിന് എന്തു തുക ചെലവ് വരുന്നുണ്ട്;

(ബി) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഒരു ദിവസത്തെ നഷ്ടം എത്രവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 വർഷത്തെ ആഡിറ്റിന് വിധേയമായ കണക്കനുസരിച്ച് ഒരു ദിവസം സർവ്വീസ് നടത്തുന്നതിന് 1,21,67,310/ രൂപ ചെലവ് വന്നിട്ടുണ്ട്.

(ബി) കെ.എസ്. ആർ.ടി.സി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 1997 -98-ലെ ആഡിറ്റിന് വിധേയമായ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ നഷ്ടം 13.97 ലക്ഷം രൂപയാണ്.

68 (2628) അദർ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള കണ്ടക്ടർമാർ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി. ചീഫ് ആഫീസിലും ഡിപ്പോ ആഫീസുകളിലും കണ്ടക്ടർമാരേയും ഇൻസ്പെക്ടർമാരേയും അദർ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇവർ ആരൊക്കെയാണെന്നും എന്തു കാരണത്താലാണ് ഇവരെ അദർ ഡ്യൂട്ടിയിൽ നിയോഗിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഏതു യൂണിറ്റിൽ നിന്നാണ് ഇവരെ അദർ ഡൂട്ടിയിൽ നിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് ഡ്യൂട്ടിക്കു പോകാൻ കഴിയാത്തവരാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ ഇവരെ അദർ ഡ്യൂട്ടി എന്ന പേരിൽ നിയോഗിച്ചിരിക്കുന്നത്; അല്ലെങ്കിൽ സർവ്വീസ് നടത്തുവാൻതന്നെ കണ്ടകടർമാരില്ലാതിരിക്കെ നിലവിലുള്ള കണ്ടക്ടർമാർക്ക് അദർ ഡ്യൂട്ടി നൽകുന്നത് നിർത്തലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) ഇതു സംബന്ധിച്ച് അന്വേഷിച്ചു മറുപടി നൽകുന്നതാണ്.

69 (2629) കെ.എസ്.ആർ.ടി.സി ഡിപ്പോകൾ സ്ഥിതിചെയ്യുന്ന സ്ഥലം സംരക്ഷിക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി വക ഡിപ്പോകൾ സ്ഥിതിചെയ്യുന്നതിനോടനു ബന്ധിച്ചുള്ള ഭൂമി എല്ലായിടത്തും മതിലുകൾ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ;

(ബി) മതിലുകൾ കെട്ടി സംരക്ഷിക്കാത്തതുമൂലം പലയിടങ്ങളിലും സ്വകാര്യവ്യക്തികൾ പ്രസ്തുത ഭൂമിയിൽ കൈയേറ്റം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ നിൽക്കുന്ന ഭൂമി അളന്നുതിരിച്ച് നൽകണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകൾ സ്ഥിതിചെയ്യുന്ന ഭൂമി റവന്യൂ വകുപ്പിനെക്കൊണ്ട് അളന്ന് തിരിച്ചു വാങ്ങി മതിലുകൾ കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി)&(ഡി) ഇതിലേക്കായി ഒരു തഹസിൽദാരെയും 3 റവന്യൂ ഇൻസ്പെക്ടർമാരേയും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

70 (2630) പൊട്ടൻപ്ലാവിലേയ്ക്ക് യാത്രാസൗകര്യം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly